# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
**നിയമസഭാ ചോദ്യം നം. 744**

03.11.2011 ൽ
**മറുപടിയ്ക്ക്**

### നീർത്തട വികസന പദ്ധതി

**ചോദ്യം**

**ശ്രീ.സി മോയിൻകുട്ടി :**
**ശ്രീ. പി. ബി. അബ്ദുൾ റസാക്:**
**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:**
**ശ്രീ. റ്റി.എ. അഹമ്മദ് കബീർ:**

(എ) പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർത്തടങ്ങളുടെ സമഗ്രവികസനത്തിനായുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ;

**ഉത്തരം**

**ശ്രീ. കെ. സി. ജോസഫ്**
**(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

പശ്ചിമഘട്ട പ്രദേശങ്ങളിൽ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള നീർത്തടങ്ങളിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. നിർവ്വഹണ ചുമതലയുള്ള ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ, പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നിർവ്വഹണ ഏജൻസികൾ, നീർത്തട ഗ്രാമസഭാ പ്രതിനിധികൾ, ഗുണഭോക്തൃ പ്രതിനിധികൾ തുടങ്ങിയവരുടെ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബന്ധപ്പെട്ട കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്നു മാസത്തിൽ ഒരിക്കൽ ജില്ലാ പ്ലാനിംഗ് ഓഫീസർ പദ്ധതിയുടെ അവലോകനം നടത്തുകയും റിപ്പോർട്ട് പശ്ചിമഘട്ട സെല്ലിന് നൽകുകയും ചെയ്യുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആറ് മാസത്തിലൊരിക്കൽ ജില്ലാ പ്ലാനിംഗ് ഓഫീസർമാരുടെ സംസ്ഥാനതല യോഗത്തിൽ വിലയിരുത്തുകയും വേണ്ട ഇടപെടലുകൾ പശ്ചിമഘട്ട സെല്ലിൽ നിന്നും നടത്തുകയും ചെയ്യുന്നു. എല്ലാ മാസവും പദ്ധതി പുരോഗതി റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ പ്ലാനിംഗ് ഓഫീസർമാർ പശ്ചിമഘട്ട സെല്ലിലേയ്ക്ക് അയച്ചുതരുന്നു.

പ്രധാന കണ്ടെത്തലുകൾ

1. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഹെക്ടർ ഒന്നിന് 7,500/- രൂപയെന്നത് വളരെ കുറഞ്ഞ നിരക്കാണ്. പ്രസ്തുത നിരക്ക് ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

2. ഗ്രാമപഞ്ചായത്തുകൾക്ക് പശ്ചിമഘട്ട പദ്ധതി പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കാനുള്ള സാങ്കേതിക വൈദഗ്ദ്ധ്യ ക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. പശ്ചിമഘട്ട പ്രവർത്തനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കേണ്ട വാട്ടർഷെഡ് കമ്മിറ്റി കൺവീനർമാരായ കൃഷി ഓഫീസർമാർക്ക് പശ്ചിമഘട്ട വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് വ്യക്തതക്കുറവുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. 2002- ലെ പൊതുമരാമത്ത് നിരക്കനുസരിച്ചുള്ള തുകയാണ് നടപ്പാത നിർമ്മാണത്തിന് (പരമാവധി തുക 2,00,000/-) നിജപ്പെടുത്തിയത്. പൊതു മരാമത്ത് നിരക്ക് 2002 - ൽ നിന്നും ഇരട്ടിയിലധികം വർദ്ധിച്ചതിനാൽ നടപ്പാത നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ പരിധി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

5. ഗ്രാമപഞ്ചായത്ത് ജില്ലാ സംസ്ഥാനതല വിലയിരുത്തൽ സംവിധാനം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും എല്ലാ തലങ്ങളിലും പ്രസ്തുത അവലോകന യോഗം സമയബന്ധിതമായി നടപ്പിലാക്കുന്നില്ല.

പശ്ചിമഘട്ടവികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു.

(ബി) നീർത്തട വികസന പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(ബി) നീർത്തട വികസന പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രകൃതി വിഭവങ്ങളുടെ പരിപാലനം
2. ഭൂജല പരിപാലനം
3. കാർഷിക വനവൽക്കരണം
4. വരുമാനദായക പ്രവർത്തനങ്ങൾ
5. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ
6. ഉല്പാദനമേഖലയുടെ പരിപാലനം
7. സാമൂഹ്യ സംഘാടനം
8. പരിശീലനബോധവൽക്കരണ പരിപാടികൾ
9. ജീവനോപാധികൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ
10. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമുള്ള പ്രത്യേക പദ്ധതികൾ
11. കടന്നുചെല്ലാൻ കഴിയാത്ത പ്രദേശങ്ങളിലും പട്ടികജാതിസങ്കേതങ്ങളിലും നടപ്പാതകളുടെ നിർമ്മാണം.
12. ആസ്തി പരിപാലനം
13. പ്രാരംഭ പ്രവർത്തനങ്ങൾ

(സി) ഇതുപ്രകാരം എത്ര പദ്ധതികൾ ഇതേവരെ ഏറ്റെടുത്തു; അവയിൽ എത്രയെണ്ണം പൂർത്തിയായി; എന്ത് തുക ചെലവിട്ടു;

(സി) പശ്ചിമഘട്ട വികസന പദ്ധതിപ്രകാരം ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലായി 2002 - 2003 മുതൽ 2010 - 11 വരെ 330 നീർത്തട പദ്ധതികൾക്ക് തുക അനുവദിക്കുകയുണ്ടായി. ഇതിൽ 29 നീർത്തട പദ്ധതികളുടെ പ്രവർത്തനം പൂർത്തീകരിച്ചു. ഇതിനായി 4995.51 ലക്ഷം(നാലായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റഞ്ച് ലക്ഷത്തി അമ്പത്തി ഒന്നരായിരം) രൂപ ചെലവഴിക്കുകയുണ്ടായി.

(ഡി) നടപ്പുവർഷം ഏതൊക്ക പദ്ധതികളുടെ തുടർപ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും, ഏതൊക്കെ പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കുമോ;

(ഡി) നാളിതുവരെ അനുവദിച്ച 330 നീർത്തട പദ്ധതികളിൽ പൂർത്തീകരിച്ച 29 പദ്ധതികൾ ഒഴികെയുള്ള 301 നീർത്തട പദ്ധതികളുടെ തുടർ പ്രവർത്തനങ്ങളാണ് നടപ്പു വർഷത്തിൽ നടക്കുന്നത്. മേൽ പ്രസ്താവിച്ച 301 നീർത്തടപദ്ധതികളും പൂർത്തീകരിക്കുവാനുള്ളവയാണ്.

(ഇ) ഇതിന്റെ പ്രവർത്തനത്തിൽ ഏതൊക്കെ ഏജൻസികളാണ് പങ്കാളിത്തം വഹിക്കുന്നത്; ഏകോപന നടപടികൾക്കുള്ള സംവിധാനം വിശദമാക്കുമോ ?

(ഇ) ഏത് ഗ്രാമ പഞ്ചായത്ത് പ്രദേശത്താണോ പശ്ചിമഘട്ട വികസന പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത് പ്രസ്തുത ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഏജൻസിയും കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനുമാണ്. എന്നാൽ അതത് ജില്ലകളിലെ ജില്ലാതല ഏകോപന സമിതി അംഗീകരിച്ചിട്ടുള്ള സർക്കാരിതര സംഘടനകളെ (എൻ.ജി.ഒ) ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം നിർവ്വഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്.

ഇതിനു പുറമേ നീർത്തട കമ്മിറ്റിയും ഗുണഭോക്തൃ സമിതിയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. ഈ പ്രവർത്തനങ്ങളുടെ ഏകോപനം ഗ്രാമപഞ്ചായത്തു തലത്തിൽ നീർത്തട ഗ്രാമസഭകളും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായിട്ടുള്ള ജില്ലാതല ഏകോപന സമിതിയും സംസ്ഥാനതലത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിലുള്ള പശ്ചിമഘട്ട സെല്ലും നിർവ്വഹിക്കുന്നു.

സെക്ഷൻ ഓഫീസർ